## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*117 — 11.02.2016-ൽ മറുപടിയ്ക്ക്

## റോഡുകൾ സുരക്ഷിതമാക്കുന്നതിന് കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ.അച്ചുതൻ<br>,, എം.എ.വാഹീദ് | ശ്രീ.വി.കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡുകൾ സുരക്ഷിതമാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) റോഡുകൾ സുരക്ഷിതമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) റോഡപകടങ്ങൾ പരമാവധി കുറച്ച് റോഡ് സുരക്ഷ വർദ്ധിപ്പിക്കുക, ഗതാഗതക്കുരുക്ക് കുറച്ച് സുഗമമായ ഗതാഗതം ഉറപ്പുവരുത്തുക, വാഹനയാത്രക്കാരുടെ സുരക്ഷിതത്വത്തിനായി ഉന്നതഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുക എന്നീ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. റോഡുകൾ സുരക്ഷിതമാക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമുള്ള മുൻകരുതൽ എന്ന നിലയിൽ റോഡ് മാർക്കിങ്ങുകൾ, ദിശാ ബോർഡുകൾ, സൈൻ ബോർഡുകൾ, അപകടമേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ, ക്രാഷ് ബാരിയറുകൾ, ഹമ്പുകൾ, റംബിൾ സ്ട്രിപ്പുകൾ, റിഫ്ലക്ടറുകൾ, സ്റ്റഡുകൾ സ്ഥാപിക്കുക തുടങ്ങിയ റോഡ് സുരക്ഷാ ഉപാധികൾ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ, ജ്യോമട്രിക് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ്, ഓടുപാകിയ നടപ്പാതകൾ, പ്രധാന ജംഗ്ഷനുകളിൽ കൈവരികൾ, സിഗ്നൽ ലൈറ്റുകൾ, സീബ്രാ ക്രോസിംഗുകൾ, ഫുട്പാത്തുകൾ, അണ്ടർപാസുകൾ, ഓവർ ബ്രിഡ്ജുകൾ എന്നിവയ്ക്കുള്ള ശുപാർശകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിലെ കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കേരള റോഡ് സുരക്ഷ അതോറിറ്റിയെയും, കേരള പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് സുരക്ഷാ സെല്ലിനെയും ശക്തിപ്പെടുത്തുക, ജില്ലാ റോഡ് സുരക്ഷ സമിതികളെ ശക്തിപ്പെടുത്തി കൂടുതൽ മാതൃകാ |

| | |
|---|---|
| | സുരക്ഷാ റോഡുകൾ എല്ലാ ജില്ലകളിലും ഉണ്ടാക്കുക എന്നിവയാണ് പ്രധാനമായും ചെയ്യുക. |
| (സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാതല റോഡ് സുരക്ഷാ സമിതി, കേരള റോഡ് സുരക്ഷാ അതോറിറ്റി എന്നിവ മീറ്റിങ്ങുകളും, സംസ്ഥാനതല അവലോകന യോഗങ്ങളും സംഘടിപ്പിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് നടക്കുന്ന റോഡ് അപകടങ്ങളുടെ എണ്ണം നിരീക്ഷിക്കുകയും ആയത് കുറയ്ക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**